(1662) രാഷ്ട്രീയ നേതാക്കളെ വധിക്കുന്നതിനുള്ള ഗൂഢാലോചന

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളെ രാഷ്ട്രീയ വൈരത്തിന്റെ പേരിൽ വധിക്കുന്നതിന് ഗൂഢാലോചന നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസിൽനിന്നും ഇതുസംബന്ധിച്ച് ഗവണ്മെന്റിന് റിപ്പോർട്ട് വല്ലതും ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഇനി പുതുതായി എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വധഭീഷണിയെത്തുടർന്ന് കണ്ണൂരിലെ വ്യത്യസ്ത പാർട്ടികളിലെ നേതാക്കൾക്ക് അടുത്തിടെ പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരുന്നോ;

(ഇ) അടുത്തിടെ കൂടുതൽ നേതാക്കൾക്ക് സംരക്ഷണം ഏർപ്പെടുത്തിയത് ഏത് മാനദണ്ഡം വച്ചായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പോലീസ് സംരക്ഷണം നൽകിയിട്ടുള്ള നേതാക്കളിൽ ആരെങ്കിലും അടുത്തിടെ കൊല്ലപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഏർപ്പെടുത്തിയ സംരക്ഷണ നടപടികളിൽ അപാകതകൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എച്ച്) സംരക്ഷണം നൽകാൻ ഉത്തരവാദപ്പെട്ടവർക്ക് ഏതുതരം ആയുധങ്ങളാണ് നിഷ്ക്കർഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) വധഭീഷണിയുടെ സ്വഭാവം അനുസരിച്ച് നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും സുരക്ഷാ സംവിധാനം ഇല്ലാത്തവർക്ക് പ്രസ്തുത സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) രാഷ്ട്രീയ നേതാക്കൾക്കെതിരെയുള്ള അക്രമ ഭീഷണി കണക്കിലെടുത്ത് ഇന്റലിജന്റ്സ് ബ്യൂറോയുടെയും സ്റ്റേറ്റ് ഇന്റലിജന്റ്സ് വിഭാഗത്തിന്റെയും ജില്ലാ പോലീസിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവർക്ക് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഉണ്ട്. ബി.ജെ. വൈ.എം. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് കെ.ടി. ജയകൃഷ്ണൻ

(ജി) അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ആവശ്യമായ ആയുധങ്ങൾ നൽകിയിട്ടുണ്ട്. സുരക്ഷാ കാരണങ്ങളാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(1678) ട്രാഫിക് ഡ്യൂട്ടിയിലുള്ളവർക്ക് അർഹമായ പരിഗണന

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിദഗ്ദ്ധമായ രീതിയിൽ സേവന തൽപ്പരതയോടെ ജോലി നോക്കുന്ന ട്രാഫിക് ഡ്യൂട്ടിയിലുള്ള പോലീസുകാർക്ക് അർഹമായ പരിഗണന നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) മാതൃകാപരമായി ഡ്യൂട്ടി നോക്കുന്ന തലശ്ശേരി ട്രാഫിക് പോലീസിനെ സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർക്ക് അർഹമായ പരിഗണന നൽകുമോ?

ഉത്തരം

(എ) ആംഡ് റിസർവിൽ നിന്നും ലോക്കൽ പോലീസിലേക്ക് മാറ്റം ലഭിക്കുന്ന എല്ലാ പോലീസുകാരേയും ഒരു ചുരുങ്ങിയ കാലയളവിലേക്ക് ട്രാഫിക് ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്. ട്രാഫിക് ഡ്യൂട്ടി നോക്കുന്നത് പോലീസുകാരുടെ ജോലിയുടെ ഭാഗമായതിനാൽ അവർക്ക് പ്രത്യേക പരിഗണനയുടെ ആവശ്യം ഉദിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) തലശ്ശേരി ട്രാഫിക് ഡ്യൂട്ടിയിൽ പ്രശസ്ത സേവനം കാഴ്ചവച്ച ഒരു എ.എസ്.ഐ.യ്ക്കും ഒരു പോലീസ് കോൺസ്റ്റബിളിനും അനുയോജ്യമായ റിവാർഡ് നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(1683) പോലീസ് കോൺസ്റ്റബിൾ നിയമനം

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ നിയമനത്തിനുവേണ്ടി പി.എസ്.സി. ലിസ്റ്റും സപ്ലിമെന്ററി ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാപേർക്കും നിയമനം നൽകിയോ;

(സി) സപ്ലിമെന്ററി ലിസ്റ്റിൽ സെലക്ട് ചെയ്യപ്പെട്ടവർക്കും നിയമനം നൽകിത്തുടങ്ങിയോ;

(ഡി) സപ്ലിമെന്ററി ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് ഗവണ്മെന്റിന്റെ അനുവാദം ആവശ്യമുണ്ടോ;

(ഇ) എങ്കിൽ അനുവാദം നൽകുന്നതിനുള്ള കാലവിളംബം ഒഴിവാക്കുമോ;

(എഫ്) സപ്ലിമെന്ററി ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കുകൂടി നിയമനം ലഭിക്കാൻ ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടിയുള്ള എസ്.എ.പി. ബറ്റാലിയനിലേക്ക് പോലീസ് കോൺസ്റ്റബിൾമാരെ നിയമിക്കുന്നതിനുവേണ്ടി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് 21.7.97-ൽ നിലവിൽ വന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട കെ.എ.പി.-3 എസ്.എ.പി. എന്നിവയിലായി ആകെ 2308 പേർക്ക് നിയമനം നടത്തിയിട്ടുണ്ട്. ഈ ലിസ്റ്റ് തീർന്നതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly